DESPATCHED On 20/2/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

14/01/2020

**ഹർജി നമ്പർ AP.No.2192(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.11090/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. രാജീവ് കുമാർ. വി. സി,<br>സുരേഷ് ഭവൻ, കോട്ടപ്പുറം,<br>അുളവന പി.ഒ, കൊല്ലം | അപ്പീൽഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,<br>കുണ്ടറ പി.ഒ, കുണ്ടറ, കൊല്ലം – 691 501<br><br>അപ്പീൽ അധികാരി,<br>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,<br>കുണ്ടറ പി.ഒ, കുണ്ടറ, കൊല്ലം – 691 501 | എതിർകക്ഷികൾ |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 06.07.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 14.08.2018 |
| ഒന്നാം അപ്പീൽ | 29.18.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാം അപ്പീൽ | 04.10.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 03.07.2018 നമ്പർ സി. 1192/18 ഉത്തരവിലെ സൂചനയിൽ പറഞ്ഞിരിക്കുന്ന 1,2,3,5 രേഖകളുടെ പകർപ്പ്, കൊടുവിള സെന്റ് ഫ്രാൻസിസ് യു.പി.എസ്സിൽ 03.06.2013 ൽ നിയമിതയായ സിസ്റ്റർ റീത്താമ്മയുടെ നിയമന ഉത്തരവിന്റെ പകർപ്പ്, 03.07.2018 ലെ സി. 1192/18 ഉത്തരവിൽ പറഞ്ഞിരിക്കുന്ന കുണ്ടുമൺ ബി.ഇ.റ്റി. യു.പി.എസ്സിലെ അറബി അദ്ധ്യാപകൻ ശ്രീ. അൽ അമീൻ. എസ്. സലീമിന്റെ നിയമനവുമായി ബന്ധപ്പെട്ട് നൽകിയ നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവയാണ്.
2. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട രേഖാപകർപ്പുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകി ഒന്നാം എതിർകക്ഷി മറുപടി നൽകി. ഒന്നാം എതിർകക്ഷിയുടെ അറിയിപ്പിനെ തുടർന്ന് 08.08.2018 ൽ ട്രഷറി ചെലാൻ രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടും നാളിതുവരെ വിവരം ലഭ്യമായിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു.

3. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 22.11.2018 തീയതി അപ്പീൽ അധികാരിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. 17.12.2018 തീയതി അപ്പീൽ അധികാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, പരാതിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും എസ്.പി.ഐ.ഒ നൽകിയിട്ടുണ്ട് എന്നാണ്.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, 06.07.2018 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 2,3 അന്വേഷണങ്ങളുടെ വിവരം 01.09.2018 ൽ ലഭ്യമായി എന്നും ഒന്നാമത്തെ അന്വേഷണത്തിലൂടെ ആവശ്യപ്പെട്ട 03.07.2018 തീയതിയിലെ സി.1192/18 നമ്പർ ഉത്തരവിലെ സൂചനയിൽ പറഞ്ഞിരിക്കുന്ന 1,2,3,4 രേഖകളുടെ പകർപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല എന്നും ആയത് ലഭ്യമാക്കി നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ടും ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നുമറ്റമുമാണ്.

5. മേപ്പടി വിവരാവകാശ അപക്ഷയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരി ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിക്കുന്നത്, അപ്പീൽഹർജിക്കാരന്റെ 06.07.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് 16.07.2018 തീയതി ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകി കൊണ്ട് കത്ത് അയച്ചു എന്നും ടിയാൻ 06.08.2018 ലാണ് 12/- രൂപ ചെലാൻ അടച്ചത് എന്നും തുടർന്ന് ടി ട്രഷറിചെലാൻ 08.08.2018 ൽ രജിസ്റ്റേർഡ് തപാലായി അയയ്ക്കുകയും 10.08.2018 ൽ എസ്.പി.ഐ.ഒയ്ക്ക് ലഭിക്കുകയും തുടർന്ന് 14.08.2018 ൽ മറുപടിയും ആവശ്യപ്പെട്ട രേഖാപകർപ്പുകളും നൽകി എന്നുമാണ്.

6. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി മൊഴി നൽകിയത്, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട് എന്നാണ്.

7. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും ടിയാന്റെ പരാതി ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ 03.07.2018 തീയതിയിലെ സി.1192/18 നമ്പർ ഉത്തരവിലെ സൂചനയിൽ പറഞ്ഞിരിക്കുന്ന 1,2,3,4 രേഖകളുടെ പകർപ്പും കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ടിന്റെ പകർപ്പും ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി അപ്പീൽഹർജിക്കാരന് നൽകേണ്ടതാണെന്നും അപ്രകാരം പ്രവർത്തിച്ച വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

8. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM